## 27/02/2019 ന് മലപ്പുറം ജില്ലയിൽ വച്ചു നടന്ന വകുപ്പുതല സംസ്ഥാന ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (AMC) യോഗത്തിന്റെ മിനിട്സ്

യോഗം രാവിലെ 10.15 മണിക്ക് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായ ശ്രീ.മോഹനൻ - ന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. നിലമ്പൂർ ജില്ലാ ആശുപത്രിയിലെ ലേ സെക്രട്ടറി & ട്രഷറർ ആയ ശ്രീ.ജയകുമാർ സ്വാഗതം ആശംസിച്ചു. ആരോഗ്യവകുപ്പിലെ ഫിനാൻസ് ഓഫീസർ ശ്രീ.ജയ്മോഹൻ.എൻ യോഗം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ രണ്ട് മാസമായി സംസ്ഥാനത്ത് ആകെ നടത്തിയ ഓഡിറ്റ് ഫയൽ അദാലത്തിന് ശേഷം നടക്കുന്ന എ.എം.സി ആയതിനാൽ ഈ യോഗത്തിന് വളരെ വലിയ പ്രസക്തിയുണ്ടെന്നും ജില്ല തിരിച്ചുള്ള അവലോകനത്തിൽ അദാലത്തിലെ ഫലം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഓരോ ജില്ലയിലെയും സീനിയർ സൂപ്രണ്ടുമാർ അവതരിപ്പിക്കണമെന്നും ഫിനാൻസ് ഓഫീസർ ഉദ്ഘാടന പ്രസംഗത്തിൽ നിർദ്ദേശിച്ചു. താഴെ പറയുന്ന ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരായി.

| | | |
|---|---|---|
| 1. | ശ്രീ.ജയ്മോഹൻ.എൻ | ഫിനാൻസ് ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 2. | ശ്രീ.മോഹനൻ.പി.പി | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 3. | ശ്രീ.അശോക്കുമാർ.സി | സീനിയർ സൂപ്രണ്ട്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 4. | ശ്രീ.അൻസാർ.എ | സീനിയർ ക്ലാർക്ക്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 5. | ശ്രീ.സുരേഷ്കുമാർ.പി | സീനിയർ ക്ലാർക്ക്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 6. | ശ്രീ.അമൽനാഥ്.വി.എസ് | ക്ലാർക്ക്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 7. | ശ്രീമതി.ദീപ.കെ.വി | സീനിയർ ക്ലാർക്ക്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 8. | ശ്രീ.ഷറഫുദ്ദീൻ | ക്ലാർക്ക്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 9. | ശ്രീമതി.തങ്കമണി.ഇ | ഓഫീസ് അറ്റൻഡന്റ്, ജില്ലാ മെഡിക്കൽ ആഫീസ് |
| 10. | ശ്രീ.മുഹമ്മദാലി.പി | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, |
| 11. | ശ്രീ.വിജയകുമാർ | ലേ സെക്രട്ടറി & ട്രഷറർ, ജില്ലാ ആശുപത്രി, |
| 12. | ശ്രീ.മണി.സി | ഹെഡ് ക്ലാർക്ക്, ജില്ലാ ആശുപത്രി, നിലമ്പൂർ |
| 13. | ശ്രീമതി.ദീപ.കെ | ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 14. | ശ്രീ.മുഹമ്മദ് റസ്ല.പി | ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 15. | ശ്രീ.ബാബുരാജ്.പി. | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |

| | | |
|---|---|---|
| 16. | ശ്രീ.അബ്ദുൾ ഹമീദ്.എ | ജില്ലാ മെഡിക്കൽ ആഫീസ്, വയനാട് |
| 17. | ശ്രീ.മധു ജനാർദ്ദനൻ.എൻ | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), (ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം |
| 18. | ശ്രീ.പി.എസ്.രമേഷ് ബാബു | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം |
| 19. | ശ്രീ.സുനിൽ.കെ.ഫ്രാൻസിസ് | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, കോട്ടയം |
| 20. | ശ്രീ.ശശ്ലാങ്കൻ.സി.റ്റി | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കോട്ടയം |
| 21. | ശ്രീ.ഇ.കെ.കുഞ്ഞനന്തൻ | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ഓഫീസ്, വയനാട് |
| 22. | ശ്രീമതി.ധന്യ.പി. | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, വയനാട് |
| 23. | ശ്രീമതി.എം.ഡി.തങ്കമ്മ | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം |
| 24. | ശ്രീമതി.ജയശ്രീ.കെ | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, എറണാകുളം |
| 25. | ശ്രീ.ആർ.ഷാജൻ | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം |
| 26. | ശ്രീ.ജയാനന്ദബോസ് | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 27. | ശ്രീ.ബിജിമോൻ | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കൊല്ലം |
| 28. | ശ്രീ.അനീഷ്കുമാർ.ആർ.കെ | ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കാസർഗോഡ് |
| 29. | ശ്രീ.ഗിരീഷ്കുമാർ.പി. | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ആഫീസ്, കാസർഗോഡ് |
| 30. | ശ്രീ.റ്റൈറ്റസ്.ബി | ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, ഇടുക്കി |
| 31. | ശ്രീമതി.രേഖ.എസ് | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ആഫീസ്, ആലപ്പുഴ |
| 32. | ശ്രീ.ജോൺ ഫിലിപ്പ്.പി. | സീനിയർ ക്ലാർക്ക്, സി.എച്ച്.സി |
| 33. | ശ്രീമതി.ഷൈനി ഫിലിപ്പ് | ജൂനിയർ സൂപ്രണ്ട്, ഐ.എ.പി III, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |
| 34. | ശ്രീ.അനിൽകുമാർ.പി.കെ | ഹെഡ് ക്ലാർക്ക്, ഐ.എ.പി ടീം, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് |
| 35. | ശ്രീ.മൊഹമ്മദ് സഗീർ.പി.കെ | ജൂനിയർ സൂപ്രണ്ട്, ഐ.എ.പി ടീം, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് |
| 36. | ശ്രീ.രാജീവ് കുമാർ.ടി.എ | സീനിയർ ക്ലാർക്ക്, ഐ.എ.പി III, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. |

| | | |
|---|---|---|
| 37. | ശ്രീ.റ്റി.ആർ.രാധാകൃഷ്ണൻ | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, പാലക്കാട്. |
| 38. | ശ്രീ.ശ്രീധരൻ.കെ.ഇ | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, പാലക്കാട് |
| 39. | ശ്രീ.വി.എസ്.സലീം | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട |
| 40. | ശ്രീ.സുനീഷ് കുമാർ.കെ | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട |
| 41. | ശ്രീ.സുനിൽ കുമാർ.കെ.പി | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ആഫീസ്, കോഴിക്കോട് |
| 42. | ശ്രീ.ഗോപിനാഥൻ.പി | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ് |
| 43. | ശ്രീ.കെ.പി.സതീഷ്കുമാർ.എസ്.എസ് | ജില്ലാ മെഡിക്കൽ ആഫീസ്, തിരുവനന്തപുരം |
| 44. | ശ്രീ.മുരളീധരൻ.വി.വി | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, കണ്ണൂർ |
| 45. | ശ്രീ.മനോജ് കുമാർ.എൻ | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, കണ്ണൂർ |
| 46. | ശ്രീ.ശ്യാമസുന്ദരൻ | ഹെഡ് ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, വയനാട് |
| 47. | ശ്രീ.മോഹനൻ.പി.പി | അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജില്ലാ മെഡിക്കൽ ആഫീസ്, മലപ്പുറം |
| 48. | ശ്രീ.റാഫേൽ.പി.എം | സീനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ്, ഇടുക്കി |
| 49. | ശ്രീ.രഞ്ജിത്ത്.റ്റി.ജി | സീനിയർ ക്ലാർക്ക്, ജില്ലാ മെഡിക്കൽ ആഫീസ്, തൃശ്ശൂർ |
| 50. | ശ്രീ.അബ്ദുൾ ജബ്ബാർ.ആർ.എച്ച് | സീനിയർ സൂപ്രണ്ട് (ഓഡിറ്റ്), ജില്ലാ മെഡിക്കൽ ആഫീസ്, തൃശ്ശൂർ |

അദാലത്തുകൾ നടന്ന സമയത്ത് സീനിയർ ഫിനാൻസ് ഓഫീസറുടെ അസാന്നിദ്ധ്യത്തിൽ ചുമതല വഹിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ എ.എം.സി - ക്ക് പങ്കെടുക്കുന്നതിനായി പുതുതായി വന്ന സീനിയർ ഫിനാൻസ് ഓഫീസർ തന്നെ ചുമതലപ്പെടുത്തിയതെന്നും എല്ലാ ജില്ലകളിലെയും ഓഡിറ്റ് ഫയൽ അദാലത്തുകളിൽ പങ്കെടുത്തതിന്റെ അടിസ്ഥാനത്തിൽ പല ജില്ലകളും മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചതായി കാണാൻ കഴിഞ്ഞതായും അവരെ അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുന്നതായും ഫിനാൻസ് ഓഫീസർ അറിയിച്ചു. കൊല്ലം ജില്ലയിലെ ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ടും, ജില്ലാ ടീമും പ്രത്യേക അഭിനന്ദനത്തിന് അർഹരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ട് ശ്രീ.അശോക്കുമാർ.സി റിപ്പോർട്ട് അവതരിപ്പിച്ചു.

<u>ശ്രീ.അശോക്കുമാർ.സി</u> : മലപ്പുറം ജില്ലയിൽ വച്ച് ആദ്യമായാണ് എ.എം.സി - യുടെ യോഗം നടക്കുന്നത്. 16/11/2018 - ലെ കാസർഗോഡ് വച്ച് നടന്ന എ.എം.സി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അദാലത്തുകൾ എല്ലാ ജില്ലകളിലും

ചലനം സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നു. വർഷങ്ങളായി മറുപടി ലഭിക്കാതിരുന്ന പല ഫയലുകളിലും മറുപടി ലഭിച്ച് അതിൽ പല തടസ്സവാദങ്ങളും തീർപ്പാക്കാൻ കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ എല്ലാ ലേസെക്രട്ടറിമാരേയും പങ്കെടുപ്പിച്ച് നടത്തിയ അവലോകനയോഗങ്ങളുടെ കൂടെ ഫലമാണ് അദാലത്തിലെ ചലനാത്മകതയും മികച്ച പ്രകടനവും.

മേഖലാടിസ്ഥാനത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ പങ്കെടുക്കാത്ത ലേസെക്രട്ടറിമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവരെല്ലാം തന്ന വിശദീകരണങ്ങൾ അംഗീകരിച്ചു. ഇനി അത്തരം യോഗങ്ങളിൽ പങ്കെടുക്കാത്തവർക്കെതിരെ അച്ചടക്കനടപടി ഉണ്ടാകും. പങ്കാളിത്തം കൊണ്ടും പ്രകടനം കൊണ്ടും പല ജില്ലകളും മികച്ച പ്രകടനം അദാലത്തിൽ കാഴ്ചവച്ചു. അതിൽ എടുത്തു പറയേണ്ട ജില്ലകൾ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളാണ്. അവരെ അഭിനന്ദിക്കുന്നു. മാതൃകാപരമായി അദാലത്ത് സംഘടിപ്പിച്ച കൊല്ലം ജില്ലയിലെ ആഡിറ്റ് വിഭാഗം സൂപ്രണ്ടിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. അദാലത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് പരമാവധി ശ്രമം എല്ലാ ജില്ലകളും നടത്തിയതായി കാണുന്നു. പങ്കെടുത്ത എല്ലാ ജില്ലകളിലെ ഉദ്യോഗസ്ഥർക്കും അഭിനന്ദനം അറിയിക്കുന്നു. ജില്ലകളിൽ കീഴ്സ്ഥാപനങ്ങളിലെ ഫയലുകൾ സംബന്ധിച്ച് അദാലത്തിൽ മറുപടികൾ ലഭ്യമാക്കിയെങ്കിലും പല ജില്ലകളും ജില്ലാ മെഡിക്കൽ ഓഫീസിലെ ഫയലുകൾക്ക് വേണ്ടത്ര പരിഗണന നൽകിയതായി കണ്ടില്ല. അദാലത്തിൽ പങ്കെടുക്കാത്ത സ്ഥാപനങ്ങളിലെ സൂപ്രണ്ട്, ലേ സെക്രട്ടറി എന്നിവരെ ഡി.എച്ച്.എസ് - ൽ നേരിട്ട് വിളിച്ചുവരുത്തി തുടർനടപടികൾ കൈകൊള്ളുന്നതാണ്. അദാലത്തിൽ സമർപ്പിച്ച ഫയലുകളുടെയും, തീർപ്പാക്കിയ ഖണ്ഡികകളെയും കുറിച്ചുള്ള ജില്ല തിരിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ഓഡിറ്റ് ഫയൽ അദാലത്ത് - നടപടി റിപ്പോർട്ട്**

| ജില്ല | ആകെ സമർപ്പിച്ച ഫയലുകൾ | മറുപടി ലഭ്യമാക്കിയ ഖണ്ഡികകൾ | തീർപ്പാക്കിയ ഖണ്ഡികകൾ | തീർപ്പാക്കിയ ഫയലുകൾ |
|---|---|---|---|---|
| തിരുവനന്തപുരം | 15 | 166 | 88 | 1 |
| കൊല്ലം | 61 | 931 | 462 | 6 |
| പത്തനംതിട്ട | 22 | 259 | 106 | 6 |
| ആലപ്പുഴ | 67 | 531 | 312 | 4 |
| കോട്ടയം | 14 | 41 | 30 | 1 |
| ഇടുക്കി | 25 | 187 | 123 | 3 |
| എറണാകുളം | 38 | 134 | 102 | 20 |
| തൃശ്ശൂർ | 40 | 431 | 215 | 15 |
| പാലക്കാട് | 9 | 38 | 38 | 4 |
| മലപ്പുറം | 15 | 160 | 139 | 8 |
| കോഴിക്കോട് | 18 | 84 | 48 | 5 |



99884

| | | | | |
|---|---|---|---|---|
| വയനാട് | 18 | 119 | 22 | 2 |
| കണ്ണൂർ | 33 | 255 | 155 | 9 |
| കാസർഗോഡ് | 9 | 26 | 20 | 3 |
| **ആകെ** | **384** | **3362** | **1860** | **87** |

സീനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ട് അവതരണത്തെ തുടർന്ന് ഓരോ ജില്ലയിലെയും ഓഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ടുമാർ കഴിഞ്ഞ എ.എം.സി യോഗത്തിനുശേഷമുള്ള തീർപ്പാക്കൽ സംബന്ധിച്ച റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത അവലോകനത്തോടനുബന്ധിച്ച് ഉയർന്നുവന്ന പ്രധാന അഭിപ്രായങ്ങളും തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം:** ഓഡിറ്റ് അദാലത്തിന് സഹകരിക്കാത്ത സ്ഥാപനങ്ങളിലെ ലേ സെക്രട്ടറിമാരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണം. ഓഡിറ്റ് അദാലത്ത് നല്ലൊരു ശ്രമമായിരുന്നു.

**കൊല്ലം:** ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട് ശ്രീ.അശോകുമാർ.സി എന്നിവരുടെ നേതൃത്വത്തിലുള്ള ഡയറക്ടറേറ്റിലെ നിലവിലെ ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനമാണ് ഇത്തരത്തിൽ അദാലത്തിന് ലഭ്യമായ വിജയം. അവരെ അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. പദ്ധതികളുടെ എണ്ണം കൂടുന്നതനുസരിച്ച് ഓഡിറ്റിന്റെ വ്യാപ്തി കൂടുന്നു എങ്കിലും ഓഡിറ്റിനുള്ള ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. എന്നിരുന്നാലും ലഭ്യമായ നിലവിലെ ജീവനക്കാരെ വച്ച് ഓഡിറ്റ് ഫലപ്രദമായി നടത്തപ്പെടുന്നു. മറ്റ് വിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിൽ വൻ വർദ്ധനവ് ഉണ്ടാകുന്നു. എങ്കിലും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ എണ്ണം കൂടുന്നില്ല. ആഭ്യന്തര ഓഡിറ്റ് സംഘങ്ങളിലുള്ള ജൂനിയർ സൂപ്രണ്ടിന്റെ തസ്തികകൾ സീനിയർ സൂപ്രണ്ട് ആയി ഉയർത്തുകയും അനുബന്ധമായി ക്ലാർക്കുമാരുടെ അധിക തസ്തിക സൃഷ്ടിച്ച ഓഡിറ്റ് വിഭാഗത്തെ ബലപ്പെടുത്തേണ്ടതാണ്. ജില്ലകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ തസ്തികകൾ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരായി ഉയർത്തുകയും നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ നില നിർത്തുകയും ചെയ്യുക. ഇത്തരം തസ്തികകൾ ഉയർത്തുന്നതുകൊണ്ട് സാമ്പത്തിക ബാധ്യത സർക്കാരിന് വരുന്നില്ല. ഇതിന് മുമ്പ് നടന്ന എ.എം:സി യോഗത്തിലെ ആവശ്യമായിരുന്ന ' ഓഡിറ്റ് ഡയറി ' എന്ന നിർദ്ദേശം നാളിതുവരെ നടപ്പിലായിട്ടില്ല. 2000 ന് മുമ്പുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ച് ഒരു തീരുമാനം കൈകൊള്ളേണ്ടതാണ്. അനവധി പദ്ധതികൾ നിലവിലുള്ളതിനാൽ നിലവിലെ ക്യാഷ് ബുക്കിൽ എല്ലാ ഇടപാടുകളും രേഖപ്പെടുത്താൻ പ്രയാസമാണ്. ആരോഗ്യവകുപ്പിന് മാത്രമായി ഒരു പ്രത്യേക ക്യാഷ് ബുക്ക് അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനം ഉണ്ടാകണം. മുമ്പ് ആരോഗ്യവകുപ്പ് ആസ്ഥാനത്തുനിന്നും ഫിനാൻസ് ഓഫീസറുടെ ' ആകസ്മിക പരിശോധന ' ജില്ലകളിലെ സ്ഥാപനങ്ങളിൽ നടന്നിരുന്നു. ഇപ്പോൾ അത്തരം പരിശോധനകൾ തീരെ കുറവാണ്. ആയത് പുന:പരിശോധിക്കണം.

<u>പത്തനംതിട്ട</u> :ഓഡിറ്റ് അദാലത്ത് നല്ലൊരു ശ്രമം ആയിരുന്നു. താലൂക്ക് ആശുപത്രി തലം മുതലുള്ള സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധന നടത്താൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകണം. ഒരു മാസത്തിൽ നിശ്ചിത എണ്ണം പരിശോധന നടത്തുന്നതിന് ജില്ലാ ഓഫീസുകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്ക് നിർദ്ദേശം നൽകണം. അദാലത്തിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ നിന്നും വിശദീകരണം ആവശ്യപ്പെടണം.

<u>ആലപ്പുഴ</u> : പ്രളയം മൂലം വെള്ളപ്പൊക്കം ഉണ്ടായ സ്ഥാപനങ്ങളിൽ ഫയലുകൾ നഷ്ടപ്പെട്ടവയ്ക്ക് തുടർനടപടികൾക്ക് നിർദ്ദേശം ആവശ്യപ്പെട്ടു. അൻപതിനായിരം രൂപയ്ക്ക് മുകളിൽ തുക നിക്ഷേപിക്കുമ്പോൾ എസ്.ബി.ഐ അധിക തുക ഈടാക്കുന്നതിനാൽ ആശുപത്രി നിർവ്വഹണ സമിതിക്ക് തുക നഷ്ടമാകുന്നു. ഇതിൽ ഒരു നിർദ്ദേശം ആവശ്യപ്പെടുന്നു.

<u>കോട്ടയം</u> :എല്ലാ വർഷവും അദാലത്ത് നടത്തുന്നതിന് തീരുമാനം ആവശ്യപ്പെടുന്നു.

<u>പാലക്കാട്</u> :ജില്ലാ മെഡിക്കൽ ഓഫീസിലെ ഓഡിറ്റ് പരാമർശങ്ങളിൽ മറുപടി കിട്ടാൻ പ്രയാസമാണ്. ജീവനക്കാരുടെ യോഗത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ ഇക്കാര്യം അവതരിപ്പിക്കുന്നതിന് നിർദ്ദേശം നൽകണം. ഡി.എം.എസ് നിലവിലില്ലെങ്കിലും ഫയലുകൾ നിലവിലുണ്ട്. ഇതിൽ തീരുമാനം ആവശ്യപ്പെടുന്നു.

<u>കോഴിക്കോട്</u> : ആഭ്യന്തര ഓഡിറ്റ് അദാലത്ത് നടത്തിയത് പോലെ അക്കൗണ്ടന്റ് ജനറലിന്റെ ഫയൽ അദാലത്തും നടത്തുന്നതിന് നടപടി ഉണ്ടാകണം. ജില്ലാ മെഡിക്കൽ ഓഫീസിലെ ഫയലുകൾ സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് - ന്റെ സഹകരണത്തോടെ ബന്ധപ്പെട്ട സെക്ഷനുമായി ബന്ധപ്പെട്ടാണ് മറുപടി തയ്യാറാക്കിയത്.

<u>വയനാട്</u> :ഡി.ഡി.ഒ മാരുടെ സ്ഥിരം മേൽവിലാസം കൂടെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയാൽ സ്ഥലം മാറി പോയാലും ബാധ്യത സംബന്ധിച്ച വിവരം അറിയിക്കാൻ കഴിയും. എഫ്.ഡബ്ല്യു ഓഡിറ്റിനുള്ള മറുപടി അയച്ചിട്ടും ഡി.എച്ച്.എസ് - ൽ നിന്നും അഭിപ്രായക്കുറിപ്പുകൾ ലഭിക്കുന്നില്ല. എൻ.പി.എസ് - ൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും പേ റിവിഷൻ കുടിശ്ശികയിൽ ലഭിക്കുന്ന തുകയിൽ നിന്നും 10% തുക ഈടാക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിരിക്കുന്നതിനാൽ പ്രസ്തുത നിദ്ദേശം പരിശോധിച്ച് സർക്കുലർ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകണം.

കൂടാതെ പൊതുവായി ഉയർത്തുന്ന ചില അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

- ജില്ലാ മെഡിക്കൽ ഓഫീസുകളിലെ ഓഡിറ്റ് ഫയലുകളിൽ അതാത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ ഇടപെട്ട് മറുപടി നൽകുന്നതിന് നടപടി കൈകൊള്ളണം
- വളരെ കാലപ്പഴക്കം ചെന്ന ഫയലുകൾ തീർപ്പാക്കാനായി ഡയറക്ടറേറ്റ് തലത്തിൽ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ച് നടപടി സ്വീകരിക്കണം
- എ.ജി, എഫ്.ഡബ്ല്യു എന്നീ മേഖലകളിലെ ഓഡിറ്റ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ടവർക്ക് വേണ്ടത്ര വേഗതയില്ല.

➢ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് എകീകൃത രൂപം ഉണ്ടാകുന്നതിന് ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ഉണ്ടാകണം.

## യോഗ തീരുമാനങ്ങൾ

1.ഓഡിറ്റ് അദാലത്തിൽ നിസ്സഹകരണ മനോഭാവം പുലർത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ലേ സെക്രട്ടറിമാരിൽ നിന്നും അതാത് ജില്ലാ മെഡിക്കൽ ഓഫീസർ വിശദീകരണം ആവശ്യപ്പെടേണ്ടതും വ്യക്തമായ ശുപാർശ സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്.

1.ജനറൽ ആശുപത്രി, തിരുവനന്തപുരം
2.താലൂക്ക് ആസ്ഥാന ആശുപത്രി, ചിറയിൻകീഴ്, തിരുവനന്തപുരം
3.ജില്ലാ ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം
4.താലൂക്ക് ആശുപത്രി, വർക്കല, തിരുവനന്തപുരം
5.താലൂക്ക് ആശുപത്രി, നേമം, തിരുവനന്തപുരം
6.പബ്ലിക് ഹെൽത്ത് ട്രെയനിംഗ് സെന്റർ, തിരുവനന്തപുരം
7.താലൂക്ക് ആസ്ഥാന ആശുപത്രി, ഫോർട്ട്കൊച്ചി, എറണാകുളം
8.താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം
9.താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂർ, പാലക്കാട്
10.താലൂക്ക് ആസ്ഥാന ആശുപത്രി, ആലത്തൂർ, പാലക്കാട്
11.ജില്ലാ ക്ഷയരോഗ കേന്ദ്രം, പാലക്കാട്
12.സാമൂഹികാരോഗ്യ കേന്ദ്രം, കൊഴിഞ്ഞാൻപാറ, പാലക്കാട്
13.താലൂക്ക് ആസ്ഥാന ആശുപത്രി, മലപ്പുറം
14.ജില്ലാ ആശുപത്രി, നിലമ്പൂർ
15.താലൂക്ക് ആസ്ഥാന ആശുപത്രി, പൊന്നാനി, മലപ്പുറം
16.താലൂക്ക് ആസ്ഥാന ആശുപത്രി, കുറ്റിപ്പുറം, മലപ്പുറം
17.ജില്ലാ ക്ഷയരോഗ കേന്ദ്രം, മലപ്പുറം
18.ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്
19.താലൂക്ക് ആശുപത്രി, വൈത്തിരി
20.സാമൂഹികാരോഗ്യ കേന്ദ്രം, പേര്യ
21.സാമൂഹികാരോഗ്യ കേന്ദ്രം, തരിയോട്

2.ഓഡിറ്റ് ഡയറി തയ്യാറാക്കുന്നതിനായി തുടർനടപടികൾ കൈക്കൊള്ളാൻ ഡയറക്ടറേറ്റ് തലത്തിൽ തീരുമാനമെടുക്കുന്നതാണ്.

3.ആരോഗ്യവകുപ്പിന് മാത്രമായി ഒരു പ്രത്യേക ക്യാഷ് ബുക്ക് എന്ന ആവശ്യം സർക്കാർ പരിഗണിക്കാൻ സാധ്യതയില്ല. കേരള ട്രെഷറി കോഡിലും അനുബന്ധ ചട്ടങ്ങളിലും ഭേദഗതി വരുത്തിയാലേ നടപ്പിലാക്കാൻ കഴിയൂ.

4. ആരോഗ്യവകുപ്പ് ആസ്ഥാനത്തു നിന്നും ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ 'ആകസ്മിക സാമ്പത്തിക പരിശോധനകൾ' ജില്ലകളിലെ സ്ഥാപനങ്ങളിൽ നടന്നു വരുന്നു. ഇനിയും തുടരുന്നതാണ്.

5. ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ഡി.എം.ഒ യെ കൂടാതെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും കീഴ് സ്ഥാപനങ്ങളിൽ ആകസ്മിക പരിശോധനകൾ നടത്തേണ്ടതാണ്.

6. പ്രളയം മൂലം രേഖകൾ നഷ്ടപ്പെട്ടുപോയ സ്ഥാപനങ്ങൾ രേഖകളുടെ പകർപ്പുകൾ ജില്ലാ മെഡിക്കൽ ഓഫീസുകൾ, ബാങ്കുകൾ, മറ്റ് ഇലക്ട്രോണിക് സംവിധാനങ്ങൾ എന്നിവയിൽ നിന്നും പരമാവധി പുന:സൃഷ്ടിക്കേണ്ടതാണ്.

7. നിശ്ചിത തുകയ്ക്ക് മുകളിൽ നിക്ഷേപിക്കുമ്പോൾ ബാങ്കുകൾ അധിക തുക ഈടാക്കുന്നപക്ഷം എച്ച്.എം.എസി തീരുമാനപ്രകാരം അത്തരം നടപടി നിറുത്തി അധിക തുക ഈടാക്കുന്നത് ഒഴിവാക്കാൻ ബന്ധപ്പെട്ട ബാങ്കിന് അപേക്ഷ നൽകേണ്ടതും എച്ച്.എം.സി തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതുമാണ്. (പത്തനംതിട്ട ജില്ലയിൽ ഈ നടപടി ബാങ്ക് അംഗീകരിച്ചതായി യോഗത്തിൽ അറിയിച്ചു.)

8. ജില്ലാ മെഡിക്കൽ ഓഫീസിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പല സെക്ഷനുകളിൽ നിന്നുമാണ് മറുപടി ലഭിക്കേണ്ടത്. അദാലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിലെ ഫയലുകൾ വളരെ കുറച്ച് മാത്രമേ സമർപ്പിച്ചിരുന്നുള്ളൂ. ആയതിനാൽ അതാത് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർ ബന്ധപ്പെട്ട സെക്ഷനുകളുടെ പ്രത്യേക യോഗം വിളിക്കേണ്ടതും മറുപടികൾ സമയബന്ധിതമായി നൽകുന്നതിനുള്ള ഏകോപനം നടത്തേണ്ടതുമാണ്. അഡിറ്റ് സൂപ്രണ്ട് തീർപ്പാക്കാനുള്ള ഫയലുകളെല്ലാം ബന്ധപ്പെട്ട സെക്ഷനുകളെയും സംബന്ധിച്ച വിവരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്ക് നൽകി ഏകോപനത്തിന് സഹായകരമായി പ്രവർത്തിക്കേണ്ടതുമാണ്.

9.അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടുകളിൽ ഇടയ്ക്ക് അദാലത്ത് നടന്നിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് മറ്റ് ജില്ലകളിൽ അദാലത്തിന് ഡയറക്ടറേറ്റ് തലത്തിൽ ശ്രമിക്കുന്നതാണ്.

10.എഫ്.ഡബ്ല്യൂ ഓഡിറ്റ് മറുപടികൾക്ക് അഭിപ്രായം ലഭിക്കുന്നില്ല എന്ന വിവരം ഡി.എച്ച്.എസ്, അഡീഷണൽ ഡി.എച്ച്.എസ് (എഫ്.ഡബ്ല്യൂ) എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

11.എൻ.പി.എസ് - ൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും തുക ഈടാക്കി അടയ്ക്കുന്നതിന് അക്കൗണ്ടന്റ് ജനറലിൽ നിന്നും ഡി.എച്ച്.എസ് - ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നടപടി കൈകൊള്ളാൻ കഴിയൂ.

12.ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർക്കാർ തന്നെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ള സാഹചര്യത്തിൽ വകുപ്പ് പ്രത്യേകമായി നിർദ്ദേശം നൽകുന്നതിന് പ്രസക്തിയില്ല എന്ന വസ്തുത അംഗീകരിച്ചു.

99884
GOVERNMENT OF KERALA 2017-18

13. പല സ്ഥാപനങ്ങളിലെയും ഹെൽത്ത് ഇൻസ്പെക്ടർമാർ പരിശോധനകൾക്ക് പോകുമ്പാൾ പിഴ ഈടാക്കുന്നതിന് റ്റി.ആർ.5 രസീത് കൊടുത്തു വിടേണ്ട അവസ്ഥ നിലവിലുണ്ട്. എന്നാൽ പിഴയായി ഈടാക്കുന്ന തുക അന്നേ ദിവസം ഓഫീസിൽ പലപ്പോഴും ലഭിക്കുന്നില്ല. ക്യാഷ് ബുക്കിൽ തുക ലഭിക്കുന്ന തീയതി മാത്രമേ രേഖപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സവാദം ഉണ്ടാകുന്നു. മാത്രമല്ല, ശരിയായ രീതിയിലല്ലാതെ റ്റി.ആർ.5 കൈകാര്യം ചെയ്യുന്നതായും കാണുന്നു. ഒർജിനൽ റസീപ്റ്റ് തുക ഈടാക്കുന്നയാൾക്ക് കീറി നൽകുന്നതുപോലെയുള്ള നടപടികളും കാണുന്നു. ഈ സാഹചര്യത്തിൽ പിഴ ഈടാക്കുന്നതിന് റ്റി.ആർ.5 പുറത്ത് കൊടുത്ത് വിടുന്നതിന്മേൽ വ്യക്തമായ നിർദ്ദേശം പല ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടു. ഈ വിഷയം ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശം നൽകുന്നു.

റ്റി.ആർ 5 രസീത് വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട സാമ്പത്തിക രേഖയാണ്. ഓഫിസ് മേധാവിക്ക് പുറത്തുകൊണ്ടു പോയി തുക ഈടാക്കുന്നതിന് തടസ്സമില്ല. ഓഫീസ് മേധാവി രേഖാമൂലം അനുമതി നൽകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഓഫീസിന് പുറത്ത് ഔദ്യോഗികമായി ഉപയോഗിക്കാവുന്നതാണ്. അത്തരത്തിൽ ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ തുക ഈടാക്കുന്ന അന്നേ ദിവസം തന്നെ രസീത് ബുക്കും തുകയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ക്ലാർക്കിന് കൂടെ പോകാൻ പറ്റിയ സാഹചര്യത്തിൽ റ്റി.ആർ.എസ് കൈകാര്യം ചെയ്യുന്നതിനായി ക്ലാർക്കിന് കൂടെ പോകാവുന്നതാണ്. അന്നന്ന് തന്നെ റ്റി.ആർ.5 ഉം തുകയും തിരിച്ചേൽപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥൻ പിഴ ആരിൽ നിന്നും ഈടാക്കാനുണ്ടോ അയാൾക്ക് രേഖാമൂലം നോട്ടീസ് നൽകി നിശ്ചിത തീയതിക്ക് മുമ്പ് ഓഫീസിൽ അടച്ച് രസീത് വാങ്ങാൻ നിർദ്ദേശം നൽകേണ്ടതാണ്.

അടുത്ത എ.എം.സി യോഗം മേയ് മാസത്തിൽ തൃശ്ശൂർ ജില്ലയിൽ വച്ച് നടത്തുന്നതിന് തീരുമാനമെടുത്തു.

ഫിനാൻസ് ഓഫീസർ
ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി